ആർ.ആർ.6/12815/2006

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ
ആഫീസ്, തിരുവനന്തപുരം തീയതി 15-3-2007

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

എല്ലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ,
എല്ലാ ജില്ലാ രജിസ്ട്രാർമാർ (ജനറൽ),
എല്ലാ ജില്ലാ രജിസ്ട്രാർമാർ (ഓഡിറ്റ്)

സർ,

വിഷയം: രജിസ്ട്രേഷൻ വകുപ്പ് - കേരള മുദ്രപത്ര നിയമം (കരണങ്ങളിൽ വില കുറച്ചുവെക്കുന്നത് തടയൽ) ചട്ടങ്ങൾ - ചട്ടഭേദഗതി നടപ്പാക്കുന്നത്- സംബന്ധിച്ച്

സൂചന : 17-2-2007 തീയതിയിലെ SRO 153/2007 നമ്പർ വിജ്ഞാപനം.

മുകളിൽ പരാമർശിച്ച വിജ്ഞാപന പ്രകാരമുള്ള ചട്ടഭേദഗതി നടപ്പിൽ വരുത്തുമ്പോൾ ഫയലിംഗ് ഷീറ്റുകളിൽ ഇണ്ടാസു പകർത്തുന്നതുമായി ബന്ധപ്പെട്ട് പല ജില്ലാ രജിസ്ട്രാർമാരും മാർഗ്ഗനിർദ്ദേശങ്ങൾ തേടുകയുണ്ടായി. സംശയ നിവാരണത്തിനും നടപടികളിൽ ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതുമായി താഴെ പറയുന്ന നിർദേശങ്ങൾ നൽകുന്നു.

1. ഇപ്പോൾ ആധാരം തയ്യാറാക്കുന്നതുപോലെ ആധാരം തയ്യാറാക്കിയതിനുശേഷം പുതിയതായി നടപ്പിൽ വരുത്തിയ ഫോറം 1 ബി അനുബന്ധമായി ചേർക്കുകയാണ് വേണ്ടത്. ഫോറം 1 ബി യിലും കൈപ്പട ലൈസൻസി ആരെങ്കിലുമുണ്ടെങ്കിൽ അയാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. അനുബന്ധമായി ചേർത്ത ഫോറത്തിൽ ഉണ്ടായേക്കാവുന്ന വെട്ടു തിരുത്തലുകൾക്ക് ടി ഫോറത്തിൽ തന്നെ രണ്ടാമതൊരു യാദാസ്ത് (വെട്ട് തിരുത്ത് സംബന്ധിച്ച കുറിപ്പ്) ചേർക്കേണ്ടതാണ്. ആധാരത്തിലെ വെട്ടു തിരുത്തലുകൾക്ക് ഇപ്പോൾ ചെയ്യുന്ന രീതിയിൽ തന്നെ യാദാസ്ത് ( വെട്ട് തിരുത്ത് സംബന്ധിച്ച് കുറിപ്പ്) തുടർന്നും ചേർക്കേണ്ടതാണ്.

3. ആധാരങ്ങൾ ഫയലിംഗ് ഷീറ്റിൽ ഇപ്പോൾ ചെയ്യുന്നതുപോലെ തുടർച്ചയായി പകർത്തിയാൽ മതിയാകും.

4. ഇനിമുതൽ അനുബന്ധം കൂടി പൂർണ്ണമായി ഷീറ്റിൽ പകർത്തിയതിനുശേഷം മാത്രം മുദ്രപ്പത്രത്തിലെ ഇണ്ടാസുമുതലുള്ള ഭാഗം പകർത്താൻ പാടുള്ളൂ.

5. ഈ കത്തിലെ നിർദേശങ്ങൾ തങ്ങളുടെ അധികാരപരിധിയിലെ ബന്ധപ്പെട്ട എല്ലാ ഓഫീസ് മേധാവികളേയും അറിയിക്കേണ്ടതും ഇതോടൊപ്പമുള്ള ഭാഷാന്തരീകരണം വരുത്തിയ ഫോറം 1 ബി നൽകേണ്ടതുമാണ്.

(ഒപ്പ്)

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ